**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2946** **20.03.2015-ൽ മറുപടിക്ക്**

## പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ വികസനം

ചോദ്യം
ശ്രീ. രാജു എബ്രഹാം

മറുപടി
ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്
പൊതുമരാമത്ത് വകുപ്പ് മന്ത്രി

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ വികസനം കെ.എസ്.ടി.പി ഏറ്റെടുത്തത് എന്നാണ്; ഈ പാതയുടെ ഏതൊക്കെ ഭാഗങ്ങളാണ് ദേശീയപാതാ നിലവാരത്തിൽ വികസിപ്പിച്ചിട്ടുള്ളത്; എത്ര കോടി രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത്; ഏതു വർഷമാണ് ഈ നിർമ്മാണം നടത്തിയിട്ടുള്ളത്; ഇതിന് ഫണ്ട് ലഭിച്ചത് എവിടെനിന്നാണ്;

(എ) പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ തൊടുപുഴ മുതൽ മൂവാറ്റുപുഴ വരെയുള്ള ഭാഗം 2002-ൽ കെ.എസ്സ്.ടി.പി. ഏറ്റെടുക്കുകയും അന്താരാഷ്ട്ര നിലവാരത്തിൽ 2007-ൽ പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ലോക ബാങ്ക് ധനസഹായത്തോടെ നിർമ്മിച്ച തൊടുപുഴ - മൂവാറ്റുപുഴ - അങ്കമാലി റോഡിന് 112.79 കോടി രൂപ ചിലവായിട്ടുണ്ട്. ബാക്കിയുള്ള പുനലൂർ - തൊടുപുഴ റോഡിന്റെ ഭൂമി ഏറ്റെടുക്കൽ 2002-ൽ ആരംഭിച്ചുവെങ്കിലും പൂർത്തിയാകാത്തതിനാൽ കെ.എസ്സ്.ടി.പി രണ്ടാം ഘട്ടത്തിൽ ഒരു പ്രത്യേക പദ്ധതിയായി ചെയ്യുവാൻ തീരുമാനിക്കുകയുണ്ടായി. കെ.എസ്സ്.ടി.പി. ഒന്ന് പദ്ധതിയുടെ പൂർത്തീകരണത്തെ തുടർന്ന് 2013 ജൂണിൽ ലോകബാങ്ക് ധനസഹായത്തോടെ കെ.എസ്സ്.ടി.പി രണ്ട് പദ്ധതി ആരംഭിച്ചു. ഇതിൽ ഉൾപ്പെടുത്തി 50 കി.മീ. ദൈർഘ്യമുള്ള പൊൻകുന്നം - തൊടുപുഴ റോഡിന്റെ നിർമ്മാണ കരാർ 2014 മെയ് മാസം ഒപ്പിട്ട് പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നുണ്ട്. ഈ റോഡിന്റെ ബാക്കി ഭാഗമായി 82 കി.മീ ദൈർഘ്യമുള്ള പുനലൂർ - പൊൻകുന്നം റോഡ് PPP Hybrid Annuity രീതിയിൽ നിർമ്മാണ പ്രവൃത്തി നടത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ ഏതെങ്കിലും ഭാഗം ഇപ്പോൾ ദേശീയ പാതാ നിലവാരത്തിൽ വികസിപ്പിക്കുന്നതിന് നിർമ്മാണം നടന്നുവരു-

(ബി) പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള ഭാഗം ഇൻഡ്യൻ റോഡ് കോൺഗ്രസ് (IRC) മാനദണ്ഡമനുസരിച്ച് അന്താരാഷ്ട്ര

ന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു ഭാഗംമുതൽ ഏതു ഭാഗംവരെയുള്ള നിർമ്മാണമാണ് നടക്കുന്നത്; എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്; ഈ ഫണ്ട് ഏത് ഏജൻസിയിൽ നിന്നാണ് ലഭ്യമായിട്ടുള്ളത്;

നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തി പുരോഗമിച്ച് വരുന്നു. 50.22 കി.മീ ദൈർഘ്യമുള്ള ഈ ഭാഗത്തിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് 227.13 കോടി രൂപയ്ക്കാണ് കരാർ നൽകിയിരിക്കുന്നത്. ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന കെ.എസ്സ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണം നടത്തിവരുന്നത്.

(സി) പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ അവശേഷിക്കുന്ന ഭാഗം ദേശീയപാതാ നിലവാരത്തിൽ വികസിപ്പിക്കുന്നതിന് ഫണ്ടനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്നു വിശദമാക്കുമോ;

(സി) പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ ശേഷിക്കുന്ന ഭാഗമായ പുനലൂർ-പൊൻകുന്നം (82 കി.മീ) റോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (PPP Hybrid Annuity) വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള തുക കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട്-2 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നുണ്ട്.

(ഡി) ഈ റോഡ് വികസനവുമായി ബന്ധപ്പെട്ട് ഏതൊക്കെ നിയോജകമണ്ഡലങ്ങളിലെ ഏതൊക്കെ വില്ലേജുകളിലായി എത്ര ഭൂമിയാണ് ഇനിയും ഏറ്റെടുക്കാനുള്ളത് എന്നു വ്യക്തമാക്കുമോ; ഇത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഈ റോഡ് വികസനത്തിന് ആവശ്യമായ 99% ഭൂമി ഇതിനോടകം ഏറ്റെടുത്തു കഴിഞ്ഞു. ഇനിയും 10 വില്ലേജുകളിൽ നിന്നായി 74 ഉടമകളുടെ ഭൂമികൾ (0.6062 ഹെക്ടർ) ഏറ്റെടുക്കാനുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്.

(ഇ) കെ.എസ്.ടി.പി. ഏറ്റെടുത്തതിന്റെ പേരിൽ കഴിഞ്ഞ 15 വർഷമായി ഈ റോഡിൽ അറ്റകുറ്റപ്പണിയുടെ പേരിൽ പാച്ച് വർക്ക് മാത്രമാണ് നടത്തിവരുന്നത് എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ശബരിമല സീസൺ അടുക്കുമ്പോൾ മാത്രം നടത്തുന്ന ഈ അറ്റകുറ്റപ്പണിക്ക് മതിയായ ഫണ്ടോ നടത്തുന്ന നിർമ്മാണ പ്രവൃത്തിക്ക് മതിയായ ഗുണനിലവാരമോ ഇല്ലാത്തതുമൂലം ഓരോ വർഷവും അറ്റകുറ്റപ്പണിക്ക് മാത്രം കോടിക്കണക്കിനു രൂപ ചെലവഴിക്കേണ്ടിവരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുനലൂർ - പൊൻകുന്നം റോഡിന്റെ നവീകരണ പ്രവൃത്തി പൂർത്തിയാകുമ്പോൾ ഇതിന് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്.

| | | | |
|---|---|---|---|
| (എഫ്) | പുനലൂർ -മൂവാറ്റുപുഴ റോഡിന്റെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം പി.പി.പി. യിലുൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട് ഈ ഭാഗം മാത്രം പി.പി.പി. സ്കീമിലുൾപ്പെടുത്തുന്നു എന്നു വിശദമാക്കുമോ; | (എഫ്) | ഉണ്ട്. ലോകബാങ്കിന്റെ നിബന്ധന പ്രകാരം കെ.എസ്സ്.ടി.പി രണ്ട് പദ്ധതിയിൽപ്പെടുത്തിയ ഏതെങ്കിലും ഒരു റോഡ് പി.പി.പി മോഡലിൽ (PPP Hybrid Annuity) വികസിപ്പിക്കണമെന്ന് നിഷ്കർഷിച്ചതിൻ പ്രകാരം പുനലൂർ-പൊൻകുന്നം റോഡാണ് ഈ രീതിയിൽ വികസിപ്പിക്കാൻ ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ റോഡ് ഭാഗം തിരഞ്ഞെടുത്തത്. |
| (ജി) | ഈ ഭാഗത്തിന്റെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ജി) | PPP Hybrid Annuity രീതിയിൽ വികസിപ്പിക്കുന്ന ഈ റോഡിന്റെ Transaction Advisory Consultant ആയി M/s L&T Ramboll in Joint Venture with Fortress എന്ന കൺസൾട്ടിസിയെ നിയമിക്കുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിക്ഷേപകരെ കണ്ടെത്തുന്നതിന് വേണ്ടി 07.03.2015-ന് നിക്ഷേപക സംഗമം സംഘടിപ്പിക്കുകയുമുണ്ടായി. ഉടൻ തന്നെ Request for qualification (RFQ) ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>Constituency wise list of land to be acquired for Punalur - Ponkunnam road</u>

| SL. No. | Village | Name of constituency | No. of holdings | Extent (m2) |
|---|---|---|---|---|
| 1 | Pathanapuram | Pathanapuram | 3 | 73 |
| 2 | Kalanjoor | Konni | 2 | 100 |
| 3 | Koodal | Konni | 3 | 293 |
| 4 | V. Kottayam | Konni | 1 | 3 |
| 5 | Aruvappulam | Konni | 1 | 5 |
| 6 | Konni | Konni | 8 | 717 |
| 7 | Mylapra | Konni | 25 | 2044 |
| 8 | Ranni | Ranni | 11 | 545 |
| 9 | Chethackal | Ranni | 17 | 842 |
| 10 | Pazhavangady | Ranni | 3 | 1440 |
| | **Total** | | **74** | **6062** |